PAU5/114/2021

757/20/22
22/2/22

742242/2022
31/1/2022

AVS

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5, വൈക്കം
തലയോലപ്പറമ്പ് പി.ഓ., കോട്ടയം
തീയതി: 19/01/2022

# അന്വേഷണ വിചാരണ റിപ്പോർട്ട്

**1. സംഗ്രഹം**

അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസ് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിയ്ക്കെ 09/12/2019 മുതൽ മുൻകൂർ അവധിയ്ക്ക് അപേക്ഷ നല്കാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും മനഃപൂർവ്വം ഔദ്യോഗികകൃത്യനിർവ്വഹണത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക വഴി സർക്കാർ ജീവനക്കാരന് ബാധകമായ അച്ചടക്കമോ പെരുമാറ്റച്ചട്ടമോ പാലിക്കുന്നില്ല, അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് 18/03/2020 ൽ ബഹു. കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നല്കിയിട്ടില്ല എന്നീ കുറ്റങ്ങൾ മുൻനിർത്തി ടിയാനെതിരായി 1960 ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും വിധം ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ച് അച്ചടക്ക നടപടി ആരംഭിച്ചു.

പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സാംകുട്ടി സി ലാസ് എതിർവാദപത്രിക സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്നു കണ്ട് ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 25/10/2021 ലെ AVS-260/2020 നമ്പർ ഉത്തരവു പ്രകാരം കോട്ടയം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 5 ലെ സൂപ്പർവൈസറായ എന്നെ ചുമതലപ്പെടുത്തുകയുണ്ടായി.

ടി ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയതനുസരിച്ച് അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി അകലക്കുന്നം ഗ്രാമപ്പഞ്ചായത്ത് ഓഫീസിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസിന് ഔദ്യോഗികമായി കത്തയയ്ക്കുന്നതിനുള്ള വിലാസം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ഫയലിൽ ഉണ്ടായിരുന്നതും ശ്രീ. സാംകുട്ടി സി ലാസ് തന്നെ എഴുതി സമർപ്പിച്ചിരുന്നതുമായ രണ്ടു നമ്പരുകളിൽ, 7902732567 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടെങ്കിലും ആയത് ഉപയോഗത്തിലില്ല എന്ന മറുപടിയാണ് ലഭിച്ചത്. തുടർന്ന് രണ്ടാമത്തെ നമ്പരിൽ വിളിച്ചപ്പോൾ ഫോൺ എടുക്കുകയുടം ശ്രീ. സാംകുട്ടി സി ലാസിന്റെ സുഹൃത്താണ് എന്ന് മറുപടി നല്കുകയും ചെയ്തു. ടിയാനിൽ നിന്ന് ശ്രീ. സാംകുട്ടി സി ലാസിന്റെ നിലവിലുള്ള ഫോൺ നമ്പർ വാങ്ങുകയും ടി നമ്പരിൽ ശ്രീ. സാംകുട്ടി സി ലാസിനെ ബന്ധപ്പെടുകയും ചെയ്തു.

ടി സമയത്ത് ശ്രീ. സാംകുട്ടി സി ലാസ് പറഞ്ഞത് താൻ ഇപ്പോൾ ഭവനരഹിതനാണെന്നും ആയതിനാൽ ഒരു ലോഡ്ജിലാണ് താമസമെന്നും ടി ലോഡ്ജിൽ നിന്ന് ഉടൻ മാറുമെന്നതിനാൽ ലോഡ്ജിലെ വിലാസത്തിൽ കത്തയച്ചാൽ തനിക്കു ലഭിയ്ക്കാൻ ബുദ്ധിമുട്ടാകുമെന്നും താൻ പറയുന്ന വിലാസത്തിൽ അയച്ചാൽ തനിക്ക് കത്ത് ലഭിയ്ക്കുമെന്നുമാണ്. തുടർന്ന് ശ്രീ. സാംകുട്ടി സി ലാസ് നല്കിയ 'ചെമ്പകശ്ശേരിൽ വീട്, റബ്ബർബോർഡ് പി.ഓ., പുതുപ്പള്ളി, കോട്ടയം-686009' എന്ന വിലാസത്തിൽ 2021 നവംബർ മാസം 8 ആം തീയതി രജിസ്റ്റേഡ് കത്ത് നല്കി. (അകലക്കുന്ന പഞ്ചായത്താഫീസിലെ പരിശോധനാ വേളയിൽ ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഇതേ വിലാസം തന്നെയാണെന്ന് ബോധ്യപ്പെട്ടു). എന്നാൽ 15-11-2021 ന് ടി കത്ത് 'Addressee left' എന്ന കുറിപ്പോടു കൂടി മടങ്ങി വരികയുണ്ടായി. തുടർന്ന് സാംകുട്ടിയെ ബന്ധപ്പെട്ടപ്പോൾ സാധാരണഗതിയിൽ പോസ്റ്റ്മാൻ ഇന്റിമേഷൻ നല്കാറുള്ളതാണെന്നും ഇത്തവണ അപ്രകാരം നല്കാതിരുന്നതുകൊണ്ടാണ് കത്ത് കൈപ്പറ്റാതിരുന്നതെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് രണ്ടാമതൊരവസരം ടിയാന് നല്കുന്നതിനായി ടിയാൻ നിർദ്ദേശിച്ച മറ്റൊരു അഡ്രസ്സിലേയ്ക്ക് 20-11-2021 ൽ വീണ്ടും കത്തു നല്കി. ടി കത്തു പ്രകാരം അന്വേഷണത്തിനായി നിശ്ചയിച്ചിരുന്നത് 26-11-2021 ആയിരുന്നു. എന്നാൽ അന്നേ ദിവസം ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിമാസ മീറ്റിംഗിൽ പങ്കെടുക്കേണ്ടതുണ്ടായിരുന്നതിനാൽ അന്വേഷണത്തിനായി പഞ്ചായത്തിൽ പോകുന്നതിനു സാധിച്ചില്ല. (23-11-2021 ന് ഇന്റിമേഷൻ നല്കിയിരുന്ന ടി കത്ത് വിലാസക്കാരൻ കൈപ്പറ്റാതിരുന്ന സാഹചര്യത്തിൽ 08-12-2021 ന് മടങ്ങി വരികയുണ്ടായി.) തുടർന്ന് 10-12-2021 അന്വേഷണത്തീയതിയായി നിശ്ചയിച്ചു കൊണ്ട് 03-12-2021 ന് വീണ്ടും രജിസ്റ്റേഡ് കത്ത് നല്കുകയും അന്നേ ദിവസം അന്വേഷണത്തിനായി പഞ്ചായത്തിൽ എത്തിച്ചേരുകയും ചെയ്തു. എന്നാൽ ശ്രീ. സാംകുട്ടി സി ലാസ് ഹാജരായില്ല. 07-12-2021 ൽ ഇന്റിമേഷൻ നല്കിയിരുന്ന ടി കത്ത് വിലാസക്കാരൻ കൈപ്പറ്റാതിരുന്ന സാഹചര്യത്തിൽ 14-12-2021 ന് മടങ്ങി വരികയുണ്ടായി.

അന്വേഷണം നടത്തിയ ദിവസം 10/12/2021

## 2. തയ്യാറാക്കിയ കുറ്റപത്രം

ശ്രീ. സാംകുട്ടി സി ലാസിനെതിരായ ആരോപണം മുൻനിർത്തി കുറ്റാരോപണപത്രിക തയ്യാറാക്കി ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28/06/2021 ലെ DDP-KTM/260/2020-AVS നമ്പർ കുറ്റാരോപണമെമ്മോ ടിയാന് നല്കിയിട്ടുണ്ട്

## 3. സമ്മതിച്ചതോ ഉപേക്ഷിച്ചതോ അല്ലെങ്കിൽ നടപടി എടുക്കാത്തതോ ആയ കുറ്റങ്ങൾ

അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസ് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിയ്ക്കെ 09/12/2019 മുതൽ മുൻകൂർ അവധിയ്ക്ക് അപേക്ഷ നല്കാതെ അനധികൃതമായി

ഓഫീസിൽ മനഃപൂർവ്വം ഔദ്യോഗികകൃത്യനിർവ്വഹണത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക വഴി സർക്കാർ ജീവനക്കാരന് ബാധകമായ അച്ചടക്കമോ പെരുമാറ്റച്ചട്ടമോ പാലിക്കുന്നില്ല, അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് 18/03/2020 ൽ ബഹു. കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നല്കിയിട്ടില്ല.

**4. യഥാർത്ഥത്തിൽ അന്വേഷണം നടത്തിയ കുറ്റങ്ങൾ**

ശ്രീ. സാംകുട്ടി സി ലാസിനെതിരെ ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച 28/06/2021 ലെ DDP-KTM/260/2020-AVS നമ്പർ കുറ്റാരോപണമെമ്മോയിലെ ആരോപണങ്ങളിൽ അന്വേഷണം നടത്തി

**5. തെളിവിലുള്ള വസ്തുതകൾ**

അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസ് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിയ്ക്കെ 09/12/2019 മുതൽ മുൻകൂർ അവധിയ്ക്ക് അപേക്ഷ നല്കാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്നത്.

**6.സ്വീകാര്യമായ രേഖകൾ, വസ്തുതകൾ**

സ്വീകാര്യമായ രേഖകൾ ഇല്ല. അന്വേഷണവേളയിൽ ടിയാൻ ഹാജരായി വസ്തുതകൾ ബോധിപ്പിച്ചിട്ടില്ല.

**7. ചാർജ്ജ് ചുരുക്കത്തിൽ**

അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസ് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിയ്ക്കെ 09/12/2019 മുതൽ മുൻകൂർ അവധിയ്ക്ക് അപേക്ഷ നല്കാതെ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും മനഃപൂർവ്വം ഔദ്യോഗികകൃത്യനിർവ്വഹണത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക വഴി സർക്കാർ ജീവനക്കാരന് ബാധകമായ അച്ചടക്കമോ പെരുമാറ്റച്ചട്ടമോ പാലിക്കുന്നില്ല. അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് 18/03/2020 ൽ ബഹു. കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടവിച്ച കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ മറുപടി നല്കിയിട്ടില്ല. ടി കൃത്യവിലോപത്തിനും അച്ചടക്കലംഘനത്തിനും ടിയാൻ ഉത്തരവാദിയാണ്.

**8. എതിർവാദങ്ങൾ**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച 28/06/2021 ലെ DDP-KTM/260/2020-AVS നമ്പർ കുറ്റാരോപണമെമ്മോയക്ക് ടിയാൻ മറുപടി നല്കിയിട്ടില്ല.

10/12/2021 ന് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ വച്ചു നടത്തിയ നേർവിചാരണയിൽ ടിയാൻ ഹാജരായിട്ടില്ല.

## 9. തീർപ്പ്

10/12/2021 ന് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിൽ വച്ചു നടത്തിയ നേർവിചാരണയിൽ ടിയാൻ ഹാജരാകാതിരുന്നതിൽ നിന്ന് ടിയാന് ഇക്കാര്യത്തിൽ ഒന്നും തന്നെ ബോധിപ്പിക്കാനില്ല എന്ന് നിഗമനം നടത്തുന്നു.

അന്വേഷണ വിചാരണയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

1. ശ്രീ. സാംകുട്ടി സി ലാസ് ബഹു. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03/12/2019 ലെ E2/02/KTM/DDP നമ്പർ ഉത്തരവു പ്രകാരം 03/12/2019 അപരാഹ്നത്തിൽ അകലുക്കുന്നം ഗ്രാമപ്പഞ്ചായത്ത് ഓഫീസിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു.
2. 05/12/2019, 06/12/2019 തീയതികളിൽ ടിയാൻ ആകസ്മികാവധിയിലായിരുന്നു.
3. 07/12/2019 പൂർവ്വാഹ്നത്തിൽ ടിയാൻ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുണ്ട്.
4. 09/12/2019 മുതൽ ടിയാൻ അവധി സംബന്ധിച്ച അറിയിപ്പുകളൊന്നും സെക്രട്ടറിയ്ക്ക് നല്കാതെ ഹാജരാകെതിയിരുന്നു.

മേൽ വസ്തുതകൾ വിലയിരുത്തിയതിൽ നിന്ന് അകലക്കുന്നം ഗ്രാമപ്പഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. സാംകുട്ടി സി ലാസ് അച്ചടക്കലംഘനത്തിനും കൃത്യവിലോപത്തിനും ശിക്ഷാർഹനാണ്.

29/01/22

ചന്ദ്രൻ ആർ,

അന്വേഷണാധികാരി

OFFICE OF THE SENIOR SUPERINTENDENT / PERFORMANCE AUDIT SUPERVISOR UNIT V
VAIKOM
KOTTAYAM

SENIOR SUPERINTENDENT/
PERFORMANCE AUDIT SUPERVISOR
PERFORMANCE AUDIT UNIT -V
VAIKOM,KOTTAYAM